GULATI INSTITUTE OF FINANCE AND TAXATION
An Autonomous Institution of Government of Kerala

# പ്രസ്സ് റിലീസ്

## ഗവേഷണ ശേഷി വികസന പദ്ധതി - അപേക്ഷകൾ ക്ഷണിക്കുന്നു

## പൈത്തൺ ഉപയോഗിച്ച് ഡാറ്റാ വിശകലനം

കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി (KSHEC) സഹകരിച്ച് ഗവേഷണ ശേഷി വികസന പദ്ധതി (RCBP) 2025 സംഘടിപ്പിക്കുന്നു.

'പൈത്തൺ ഉപയോഗിച്ച് ഡാറ്റാ വിശകലനം' എന്ന വിഷയത്തെ അടിസ്ഥാന മാക്കി മൂന്നു മാസം ദൈർഘ്യമുള്ള ഈ സർട്ടിഫിക്കറ്റ് പരിപാടിയിൽ 72 മണിക്കൂർ പഠനവും പ്രായോഗിക പരിശീലനവും ഉണ്ടായി രിക്കും. ഗവേഷകർ, അധ്യാപകർ, വിദ്യാർത്ഥികൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ തുടങ്ങി എല്ലാവർക്കും ഗവേഷണ കഴിവുകൾ മെച്ചപ്പെടുത്താൻ സഹായകമായ സമഗ്രമായ പഠനാന്തരീക്ഷം ഒരുക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. പരിപാടി 5 മോഡ്യൂളുകളായി ക്രമീകരിച്ചിരിക്കുന്നു- പൈത്തൺ ഭാഷയുടെ അടിസ്ഥാനങ്ങൾ, ഡാറ്റയുടെ കൈകാര്യം, ശുദ്ധീകരണം, ദൃശ്യവൽക്കരണം, പൈത്തൺ ഉപയോഗിച്ചുള്ള സ്ഥിതിവിവര ശാസ്ത്ര വിശകലനം, ബിസിനസ് ഇന്റലിജൻസ്, മെഷീൻ ലേണിംഗ് സാങ്കേതികതകൾ എന്നീ മേഖലകൾ ഉൾക്കൊള്ളുന്നു. എല്ലാ മോഡ്യൂളുകളും **ഓൺലൈൻ** മോഡിൽ നടത്തപ്പെടുന്നതാണ്, അധ്യാപകരു മായി നേരിട്ടുള്ള ആശയ വിനിമ യത്തിനായി പ്രത്യേക സെഷനുകളും ഉണ്ടായിരിക്കും.

**അർഹത:** അപേക്ഷിക്കാൻ കുറഞ്ഞ യോഗ്യത ബിരുദം. ബിരുദാനന്തര വിദ്യാർത്ഥികൾ, ഗവേഷണ വിദ്യാർത്ഥികൾ, അധ്യാപകർ, വിവിധ മേഖല കളിലെ പ്രവർത്തകർ എന്നിവർക്ക് പങ്കെടുക്കാം. ഗവേഷണ താൽപ്പര്യമുള്ള അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷി ക്കാവുന്നതാണ്.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 2025 ഒക്ടോബർ 12.** പാഠ്യപദ്ധതി, ഫീസ്, പ്രോസ്പെക്ടസ്, അപേക്ഷാഫോം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾക്കായി www.gift.res.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: **9746972011 / 9497885522**.

12-09-2025

GULATI INSTITUTE OF FINANCE & TAXATION Govt. of Kerala TVPM-17

Director